# നമുക്ക് സത്യത്തെ മാനിക്കാം
### തോമസ് ഫിലിപ്പ്, റാന്നി

**ഹി**ന്ദു ധർമ്മം സ്ത്രീകൾക്ക് മഹത്തായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. കുലസ്ത്രീകളുടെ കണ്ണുനീർ ഭൂമിയിൽ വീഴരുതെന്നാണ് ഹൈന്ദവ ശാസ്ത്രങ്ങൾ അനുശാസിക്കുന്നത്.

സ്ത്രീകൾ ക്രൂരമായി പീഡിക്കപ്പെടുന്ന രാജ്യങ്ങളിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം തന്നെയാണ് 'പരോപകാരമേ പുണ്യം പാപമേ പരപീഡനം' എന്നോ, 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നോ ഒക്കെയുള്ള വേദസൂക്തങ്ങൾ ഉത്ഘോഷിക്കപ്പെടുന്ന ഇന്ത്യയ്ക്കുള്ളത്. എന്നാൽ ഒരു റിപ്പോർട്ട് അനുസരിച്ച് ഒരു മിനിട്ടിൽ 12 സ്ത്രീകൾ ഇന്ത്യയിൽ പീഡിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം. ചില വർഷങ്ങൾക്കു മുൻപ് ഡൽഹിയിൽ നിർഭയ എന്ന യുവതിയെ പട്ടാപ്പകൽ എത്ര നീചവും ക്രൂരവുമായ രീതിയിലാണ് മൃഗപ്രായരായ ദുഷ്ടന്മാർ കൂട്ടബലാൽക്കാരം ചെയ്ത് കൊന്നത്?

അഭ്യസ്തവിദ്യരുടെയും സംസ്ക്കാരസമ്പന്നരുടെയും കലാകാരന്മാരുടെയും സാക്ഷാൽ ദൈവത്തിന്റെയും നാടായ കേരളത്തിലേക്ക് നമുക്കൊന്ന് നോക്കാം. ഇത്രയധികം മനസാക്ഷിയും മനുഷ്യത്വവും ധർമ്മബോധവും ഇല്ലാത്ത, കപടഹൃദയരും സ്വാർത്ഥനിഷ്ഠരുമായ മലയാളികളെപ്പോലെ പരപീഡനക്കാരായ ഒരു വർഗ്ഗം ഭൂമിയിൽ വേറെ ഇല്ലെന്നാണ് എന്റെ പക്ഷം. എന്നാൽ മറ്റുള്ളവർക്ക് ഏറെ ഉപകാരികളായി ജീവിച്ചിട്ടുള്ള, ജീവിക്കുന്ന നന്മ നിറഞ്ഞ, ഉൽകൃഷ്ടമാനസരായ ഒരു വിഭാഗം മലയാളികൾ നാട്ടിലും, വിദേശങ്ങളിലും അമേരിക്കയിലും സ്നേഹപ്രകാശം പരത്തി ജീവിച്ചിരുന്നു. അങ്ങനെയുള്ള സുകൃതാത്മാക്കൾ ഇന്നും ധാരാളമായിട്ടുണ്ട്. ഞാൻ അവരെ ഓർക്കുകയും ആദരിക്കുകയും ചെയ്യുന്നു. മനുഷ്യജീവന് യാതൊരു വിലയും ഒട്ടും സുരക്ഷിതത്വവും ഇല്ലാത്ത നാടായി തീർന്നിരിക്കയാണ് കേരളം ഇന്ന്. ഞെട്ടിപ്പിക്കുന്ന അരുകൊലകളാണവിടെന്നും. മറുനാടുകളിൽ അന്യവർഗ്ഗ ഭാഷക്കാരെ ഭയപ്പെടുന്നതിനേക്കാളധികമായി സ്വന്തം നാട്ടിൽ മലയാളി ഇന്ന് ഭയപ്പെടുന്നത് സ്വന്തക്കാരെയും മലയാളികളെയും തന്നെയാകുന്നു. 100-ന് 90-ഉം മലയാളികളെ ഇന്ന് വിശ്വസിക്കുവാൻ കൊള്ളാത്തവരാകുന്നു എന്നുള്ളതാണ് സത്യം.

ഏത് നീചപ്രവൃത്തിയും എന്തധർമ്മവും ചെയ്യാൻ മടിക്കാത്തവരാകുന്നു മലയാളികൾ. സാഹിത്യകാരനും സാംസ്ക്കാരിക നായകനും ആത്മീയ നേതാവും താരരാജാവും രാഷ്ട്രീയ നേതാവുമൊക്കെ ഇവിടെ ഒന്നിനൊന്ന് മെച്ചം! എല്ലാവരും പകൽ മാന്യന്മാരും മാന്യകളും തന്നെ! സ്വന്തം തെറ്റ് ദൈവത്തിന്റെ മുമ്പിൽ പോലും സമ്മതിക്കാത്തവരുമാകുന്നു എന്നും കുളിച്ചു നടക്കുന്ന ശുഭ്രവസ്ത്രധാരികളായ മലയാളികൾ! മലയാളിയുടെ തിരിച്ചറിവും നീതിബോധവും വിലയിരുത്തലുകളും ധർമ്മഭദ്രതയും 'ഷോ'കളും അഭിനയ വൈഭവവും അപാരം തന്നെ! എല്ലാ മലയാളികളെയും മോശക്കാരായി ഞാൻ ചിത്രീകരിക്കുന്നുമില്ലിവിടെ.

സത്യവും അസത്യവും നീതിയും അനീതിയും ധർമ്മവും അധർമ്മും തമ്മിലുള്ള വലിയ പോരാട്ടങ്ങളാകുന്നു ലോകമെമ്പാടും ഇന്ത്യയിലും കേരളത്തിലുമൊക്കെയായി ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലുമായി ഇന്നും എന്നും നടന്നുകൊണ്ടിരിക്കുന്നത്.

എന്റെ വീക്ഷണത്തിൽ സ്ത്രീകളെ മാനിക്കാത്തവരാകുന്നു അധികം മലയാളികളും. ആധിപത്യം ആണിന്റെ തോളിലുമാണല്ലോ. മദ്യവും അഹങ്കാരവും തലയ്ക്ക് പിടിച്ചാൽ പറയുകയും വേണ്ട. സ്ത്രീകൾക്കെതിരായി ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന പീഡനങ്ങൾ ആരെയും ഞെട്ടിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതുമാകുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധമാരു വരെ ഇതിൽപ്പെടുന്നു. കൊലപാതകങ്ങളാണെങ്കിൽ നിത്യസംഭവങ്ങളുമായി തീർന്നിരിക്കുന്നു കേരളത്തിലിന്ന്.

ഓമൽസ്സഹജർ തന്നസ്ഥികൂടങ്ങളാൽ
പൂമണിമേടകൾ തീർത്തു സുഖിപ്പൂ നാം!
ഒന്നിനൊന്നായി സമസൃഷ്ടികളെത്തന്നെ
കൊന്നു തിന്നും വെറും കാട്ടുമൃഗങ്ങൾ നാം!

1937–ൽ ചങ്ങമ്പുഴ അന്നത്തെ മലയാളി സമൂഹത്തെപ്പറ്റി എഴുതിയിരുന്ന ഈ സത്യം ഇന്നത്തെ മലയാളികളെപ്പറ്റിയല്ലേ പണ്ടത്തേതിന്റെയൊക്കെ പതിന്മടങ്ങായി അന്വർത്ഥമായിരിക്കുന്നതെന്ന് ഓർത്താലും.

എന്തെല്ലാം അനിഷ്ട സംഭവങ്ങളുണ്ടായാലും ശരി കേരളത്തിലെ അഭ്യസ്തവിദ്യരായ മലയാളി സമൂഹത്തിന് അതിൽ ആശങ്കയില്ല. ആത്മരോഷവുമില്ല. അക്രമങ്ങൾക്കും അധർമ്മങ്ങൾക്കുമെതിരായി പ്രതികരണങ്ങൾ ഇല്ല. അമ്മയെ തല്ലിയാലും അതിന് പിൻതുണ കിട്ടുന്ന നാടാണ് കേരളം! ജനപ്രതിനിധികളെ വരെ ഇതിന് കിട്ടും. ആരാന്റമ്മയ്ക്ക് ഭ്രാന്തു പിടിച്ചാൽ കാണാനെന്തു രസമെന്നുള്ളതാണല്ലോ എക്കാലത്തെയും മലയാളി മനോധർമ്മവും. മാത്രമല്ല, റബ്ബർ പോലെ വലിക്കുന്നതനുസരിച്ച് അങ്ങോട്ടും ഇങ്ങോട്ടും നീളുന്നതുമാണ് നട്ടെല്ല് ഇല്ലാത്ത അധികം മലയാളികളുടെയും നീതി ധർമ്മബോധവും! അധർമ്മികളെ രക്ഷിക്കുവാൻ ആളൂരിനെപ്പോലുള്ള അഭിഭാഷകരും ഓടി നടക്കുന്നു. സാധുവായ സൗമ്യയുടെ ഘാതകനെപ്പോലും വാദിച്ച് വധശിക്ഷയിൽ നിന്നും രക്ഷിച്ച ആളൂരിനെപ്പോലുള്ള അഭിഭാഷകരും അധർമ്മം ചെയ്യുന്നവരും തങ്ങളുടെ ജീവിതത്തിൽ എന്ത് നേടുന്നു? എത്ര സന്തോഷവും സമാധാനവും അവർ അനുഭവിക്കുന്നു. “Be sure your sin will find” എന്നുള്ളതിനും കർമ്മഫലത്തിനും ഒരിക്കലും മാറ്റമുണ്ടാകയില്ല. മലയാളി ചിന്തിക്കാത്ത വിഷയമാണിത്. അവനിന്ന് ഇല്ലാത്തത് സമാധാനമാകുന്നു.

പണം കൊണ്ടും ബുദ്ധി കൗശലം കൊണ്ടും ആരെയും എവിടെയും ചതിച്ചും തോൽപ്പിച്ചും ജീവിക്കാമെന്ന് കരുതുന്നവർ ഇത് ഓർക്കുക. എല്ലാവരെയും കുറെക്കാലം പറ്റിക്കാം. എന്നാൽ എല്ലാവരെയും എല്ലാക്കാലവും പറ്റിക്കാൻ ആർക്കും കഴിയില്ല. ജനപ്രിയ നായകനായി പ്രകീർത്തിക്കപ്പെട്ട ദിലീപിനും പറ്റിയത് മറ്റൊന്നുമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. കുറ്റം ചെയ്യാതെ, ജനപ്രിയനായ ഒരു കോടീശ്വരനെ മാസങ്ങൾ ഇങ്ങനെ ജയിലിൽ അടയ്ക്കാൻ ഒരു കോടതിയ്ക്കും പോലീസിനും ഒരിക്കലും കഴിയുകയില്ലെന്ന് ബഹുഭൂരിപക്ഷം മലയാളികൾക്കും അറിയാം. പോലീസിനും ജനങ്ങൾക്കും മുമ്പിൽ പൊട്ടിക്കരഞ്ഞാൽ ഒരാൾ നിരപരാധിയാകുമോ? വടക്കേ ഇന്ത്യയിലെ ബലാൽസംഗകേസിലെ പ്രതിയായ റാം റഹീം സിങ് എന്ന ആൾദൈവവും പോലീസിന്റെ മുമ്പിൽ പൊട്ടിക്കരഞ്ഞല്ലോ.

വൈരനിര്യാതനത്തിനു വേണ്ടി അബലയായ ഒരു സ്ത്രീയെ രാത്രിയിൽ യാത്ര ചെയ്ത വാഹനത്തിലിട്ട് ക്വട്ടേഷനിലൂടെ റൗഡികളെക്കൊണ്ട് അതി നീചമാം വിധം ബലാൽക്കാരം ചെയ്യിച്ച് നഗ്നഫോട്ടോകളുമെടുപ്പിച്ച് രണ്ടര മണിക്കൂറോളം പീഡിപ്പിച്ചവൻ എത്ര മഹോന്നതനായ കലാകാരനായാലും അവൻ നീചന്മാരിൽ നീചനാകുന്നു.

സ്ത്രീകളെ മാനിക്കുന്ന ധർമ്മബോധമുള്ള പുരുഷവർഗ്ഗം ഇതിനെ ശക്തമായി അപലപിക്കേണ്ട കാലം അതിക്രമിച്ചുപോയിരിക്കുന്നു. സിനിമാ സംഘടനയിൽ നിന്നോ സംവിധായകന്മാരിൽ നിന്നോ സൂപ്പർതീരങ്ങളിൽ നിന്നോ ഇതുണ്ടായില്ല. ക്രൂരമായ ഈ ബലാൽക്കാരത്തെ ധീരമായി അഭിമുഖീകരിക്കുകയും പിന്നീട് പോലീസിന് റിപ്പോർട്ട് ചെയ്യുകയും അങ്ങനെ ജനങ്ങളുടെ അറിവിൽ കൊണ്ടുവരികയും ചെയ്ത ഈ നടിയെ സാംസ്ക്കാരിക കേരളം ധാർമ്മിക ധീരതയ്ക്കുള്ള അവാർഡ് നൽകി ആദരിക്കേണ്ടതാണ്. അതുപോലെ ഈ നടിക്കെതിരായി നീചബുദ്ധികൾ നടത്തിയ ഗൂഢാലോചനയുടെ സത്യാവസ്ഥ നിർഭയമായി ജനങ്ങളുടെ മുമ്പിൽ തുറന്നു കാട്ടിയ കേരളത്തിലെയും വിദേശങ്ങളിലെയും മലയാള മാധ്യമങ്ങളെയും എത്ര അഭിനന്ദിച്ചാലും അധികമായിപ്പോകയില്ല. അല്ലായിരുന്നെങ്കിൽ ഈ കേസ് എന്നേ മായ്ക്കപ്പെട്ടു പോയേനേം.

നടിക്കെതിരായിട്ടുണ്ടായ ക്രൂരമായ ഈ പീഡനത്തെപ്പറ്റി കേരളത്തിലെ രാഷ്ട്രീയനേതാക്കന്മാരും സിനിമാ നായകന്മാരും ജനപ്രിയ നടനുമൊക്കെ നടത്തിയ പ്രതികരണങ്ങളും വിലയിരുത്തലുകളുമൊക്കെ വിവരക്കേടിന്റെയും വിടുവായത്തിന്റെയും അട്ടഹാസങ്ങളായിരുന്നു. പൗരുഷത്തിനും വിവേകബുദ്ധിക്കും ധാർമ്മികതയ്ക്കും ഒരിക്കലും നിരക്കുന്നതുമല്ലായിരുന്നത്. അവയിൽ ചിലത് പുനർവായനയ്ക്കുപോലും കൊള്ളാം. വായിക്കുക.

‘ഇത്തരം സംഭവങ്ങളിൽ റേപ്പിനിരയാകുന്ന യുവതി ആത്മഹത്യ ചെയ്യുകയോ മൗനം പാലിക്കുകയോ ആണ് ചെയ്യാറ്’. അറസ്റ്റിനു മുമ്പ് ദിലീപ് നടത്തിയ പ്രതികരണം. ഇതിന്റെ അർത്ഥം എന്താണ്? ബലാൽക്കാരം ചെയ്യപ്പെട്ട സ്ത്രീയ്ക്ക് ജീവിയ്ക്കാന് അർഹതിയില്ലെന്നോ? സ്വന്തം മോൾക്കോ സഹോദരിക്കോ ആണ് ഇങ്ങനെയൊരു ദുര്യോഗം സംഭവിച്ചതെങ്കിലോ? ആരാണിത് ചെയ്യിച്ചത്? അടുത്തമഹത്തായ വിലയിരുത്തൽ നടത്തിയിരിക്കുന്നത് സജി നന്ത്യാട്ടാണ്. നടി

രണ്ടര മണിക്കൂർ മാത്രമല്ലേ പീഡിക്കപ്പെട്ടുള്ളൂ. നടൻ ദിലീപ് കഴിഞ്ഞ 4 മാസമായി പീഡിക്കപ്പെടുകയാണ്. ഈ നിർമ്മാതാവിന്റെ അറിവും സത്രീകളോടുള്ള മാന്യതയും എത്ര കെങ്കേമമായിരിക്കുന്നു എന്ന് ചിന്തിച്ചാലും! ജനപ്രിയനടൻ കുറ്റാരോപിതനായി ജയിലിൽ കിടക്കുന്നത് ആരുടെ പിഴ കൊണ്ടാണ്? പത്രക്കാർ ചെയ്ത ദ്രോഹമാണോ അത്? ജനപ്രതിനിധികളായ ഗണേഷും, മുകേഷും ജനപ്രിയ എം.എൽ.എ. ആയ പി. സി. ജോർജ്ജും അടൂർ ഗോപാലകൃഷ്ണൻ വരെ ദിലീപ് നിരപരാധിയാണെന്ന് പറയുന്നു. സത്യത്തിന്റെയും നീതിയുടെയും മര്യാദയുടെയും മാന്യതയുടെയുമൊക്കെ പ്രതീകവുമാണല്ലോ കേരളത്തിലെ ജനപ്രിയ എം.എൽ.എ. പി. സി. ജോർജ്ജ്. പ്രതിയോഗികളെ അശ്ലീലം പറഞ്ഞും തോല്പ്പിക്കുന്ന ഇതുപോലുള്ള അരഡസൻ എംഎൽഎ മാർ കേരളത്തിനുണ്ടായിരുന്നെങ്കിൽ പൂരപ്പാട്ടുകൾ കേട്ട് ജനങ്ങൾ സായൂജ്യം പ്രാപിച്ചേനേം! പീഡനം, സ്ത്രീപീഡനങ്ങൾ, കൊലകൾ കൊലവിളികൾ, അധർമ്മം അല്ലാതെന്ത് കലയും ജന സേവനവും കേരളത്തിൽ? സ്ത്രീകൾക്കെതിരെ ബോധപൂർവ്വം അപരാധങ്ങൾ ചെയ്തിട്ട് ധിക്കാരപൂർവ്വം അതിനെ നീതീകരിക്കുന്നതല്ല പൗരുഷവും ധാർമ്മികതയും! ആവർത്തിച്ചു പറയട്ടെ ത്യാഗിനികളായ 'കുലസ്ത്രീകളുടെ കണ്ണുനീർ ഭൂമിയിൽ വീഴ്ത്തരുത്' ഒരു സ്ത്രീയും അതിന് കൂട്ടും നിൽക്കരുത്. അത് ശാപമാണ്.

ധനശക്തിയും ബുദ്ധിസാമർത്ഥ്യവും കൊണ്ട് ആരെയും മുട്ടുകുത്തിക്കാമെന്ന് കരുതുന്നത് പരമ വിഡ്ഢിത്തമാകുന്നു. ഓർക്കുക, 'സൈന്യബഹുത്വത്താൽ രാജാവു ജയം പ്രാപിക്കുന്നില്ല. ബലാധിക്യം കൊണ്ട് വീരൻ രക്ഷപ്പെടുന്നതുമില്ല'. നല്ലതായാലും ചീത്തയായാലും ശരി പ്രവൃത്തികളുടെ ഫലം മനുഷ്യൻ അനുഭവിക്കുന്നു. 'നമുക്കു നാമേ പണിവതു നാകം, നരകവുമതുപോലെ' എന്ന് മഹാകവി ഉള്ളൂർ പാടി. സമർത്ഥനും പ്രസിദ്ധനുമായ ജനപ്രിയ നടൻ മാസങ്ങൾ ജയിലിൽ കിടക്കേണ്ടി വരുമെന്ന് ആരെങ്കിലും ചിന്തിച്ചിരുന്നതാണോ? ശത്രുക്കളെല്ലാവരും കൂടി ഗൂഡാലോചന നടത്തി വെറുതെ ഈ നടനെ ജയിലിൽ അടപ്പിച്ചിരിക്കയാണെന്നാണ് ജനപ്രിയ എംഎൽഎയും മറ്റും പറയുന്നത്. എന്നാൽ ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട്. ആ സത്യത്തെയും അവന്റെ വിധികളെയും നിരാകരിച്ച് ജീവിക്കുവാൻ ആരാലും സാധ്യമല്ല. ഇന്നല്ലെങ്കിൽ നാളെ ആ സത്യത്തിന്റെ മുൻപിൽ എല്ലാ മനുഷ്യർക്കും മുട്ടു മടക്കേണ്ടി വരും. നമുക്കും ആ സത്യത്തെ മാനിക്കാം.

*******